കർഷക കടാശ്വാസ കമ്മീഷൻ

146 (3351) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീ സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ തീരുമാനിച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി " കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചുറൽ കലാമിറ്റി" എന്ന പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വിത്ത് നൽകുന്നുണ്ട്.

11-06-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിയിരുന്നത്. SDRF-ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം അതതു കാലത്ത് കേന്ദ്ര സർക്കാർ പരിഷ്കരിക്കാറുണ്ട്. അതനുസരിച്ച് 1-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പ്രകാരം, കൃഷിനാശത്തിന് നൽകി വന്നിരുന്ന ധനസഹായത്തിൽ കുറവ് വരികയുണ്ടായി. ആയത് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-04-2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്.

റബ്ബർ കർഷകരെ സഹായിക്കൽ

147 (3352) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കർഷകർക്ക്എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

റബ്ബർ കർഷകരെ സഹായിക്കുന്നതിന് 25-02-2014-ലെ സ.ഉ. (എം.എസ്.) 56/2014/കൃഷി പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ റബ്ബർ സംഭരണത്തിനായി, 2014-15-ൽ സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനുമായി 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

148 (3353) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉൾപ്പെടെയുള്ള കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) റബ്ബർ അധിഷ്ഠിത ഉത്പാദന യൂണിറ്റുകൾ ആരംഭിച്ച് റബ്ബർ കർഷകരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ഡി) സിന്തറ്റിക് റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുവാനും കർഷകരെ സഹായിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ വിലയിടിവ് നേരിടുന്നത്. റബ്ബർ വിലയിടിവ് തടയുന്നതിനായും റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-02-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക്